**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3238** **25-10-2021 - ൽ മറുപടിയ്ക്ക്**

**ഹയർ സെക്കണ്ടറി അധ്യാപക നിയമനം -ചട്ടംഭേദഗതി ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഗവ. ഹയർ സെക്കണ്ടറിയിൽ 10.08.2018 ലെ സർക്കാർ ഉത്തരവ് നം.3082/2018/പൊ.വി.വ പ്രകാരവും 24.08.2019-ലെ ഉത്തരവ് GO (MS) No.129/2019/GEDN പ്രകാരവും പുന:ക്രമീകരിക്കപ്പെട്ട സ്കൂളുകളിൽ നിലവിൽ സ്ഥിരാദ്ധ്യാപകർ ഇല്ലാത്തതിനാൽ കരാർ വ്യവസ്ഥയിലാണ് അദ്ധ്യായനം നടത്തുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്. എസ്. എസ്. ടി. (ജൂനിയർ) ടു എച്ച്. എസ്. എസ്. ടി. തസ്തികമാറ്റ നിയമനം വഴി ഡി.പി.സി. ലിസ്റ്റിൽ ഉൾപ്പെടുന്ന ജൂനിയർ അദ്ധ്യാപകർ പ്രമോഷൻ ലഭിച്ചതിന് ശേഷം ഉടർച്ചയായി റിലിംക്വിഷ് ചെയ്യുന്നത് സീനിയർ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനെ കാര്യമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ചില അധ്യാപകർ എച്ച്.എസ്.എസ്.റ്റി. പ്രമോഷൻ റിലിംഗ്വിഷ് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത റിലിംഗ്വിഷ്മെന്റ് ഒഴിവുകൾ അടുത്ത ഡി.പി.സി. യിൽ ഉൾപ്പെടുത്തി നിയമനം നൽകി വരുന്നുണ്ട്. അദ്ധ്യാപകരുടെ റിലിംഗ്വിഷ്മെന്റ് നടപടി എച്ച്.എസ്.എസ്.റ്റി. സീനിയർ തസ്തികയിലെ നിയമനത്തെ കാര്യമായി ബാധിക്കാറില്ല. |
| (സി) | ഗവ. ഹയർ സെക്കണ്ടറിയിൽ പ്രമോഷന് താല്പര്യമില്ലാത്ത എച്ച്. എസ്. എസ്. ടി. (ജൂനിയർ) അദ്ധ്യാപകരെ ആയതിൽ നിന്ന് ഒഴിവാക്കാൻ ചട്ടം ഭേദഗതി ചെയ്യുന്നത്പരിഗണനയിലുണ്ടോ; | (സി) | ഇല്ല. |
| (ഡി) | ഗവ. ഹയർ സെക്കണ്ടറിയിൽ എച്ച്. എസ്. എസ്. ടി. തസ്തികയിലേയ്ക്ക് 07.01.2021, 02.08.21 എന്നീ തീയതികളിലെ സർക്കുലർ Ad.C3/180537/2020/D.G.E, Ad.C3/180537/2020/DGE പ്രകാരം പ്രസിദ്ധീകരിച്ച ഡി.പി.സി. ലിസ്റ്റിൽ നിന്നും വിവിധ വിഷയങ്ങളിലുള്ള ഒഴിവുകളെല്ലാം നികത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം വിഷയത്തിൽ ഒഴിവുകൾ നികത്തിയിട്ടില്ലയെന്നും | (ഡി) | 07.01.2021-ലെ എഡി.സി3/180537/2020/ ഡിജിഇ നമ്പർ സർക്കുലർ പ്രകാരമുള്ള സീനിയോറിട്ടി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ 02/08/2021-ലെ എഡി.സി3/180537/2020/ ഡി.ജി.ഇ. നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ടതും, സർവ്വീസിൽ ഉള്ളതുമായ എല്ലാ അദ്ധ്യാപകർക്കും എച്ച്.എസ്.എസ്.റ്റി ആയി പ്രമോഷൻ നിയമനം 10/09/2021-ൽ നൽകിയിട്ടുണ്ട്. പ്രസ്തുത സെലക്ട് ലിസ്റ്റ് തീർന്നു കഴിഞ്ഞു. എച്ച്.എസ്.എസ്.റ്റി. |

| | | | |
|---|---|---|---|
| | നികത്താത്തതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ? | | കൊമേഴ്സ് - 4, എച്ച്.എസ്.എസ്.റ്റി. സുവോളജി - 3, എച്ച്.എസ്.എസ്.റ്റി. അറബിക്-2, എച്ച്.എസ്.എസ്.റ്റി ഹിന്ദി -1, എച്ച്.എസ്.എസ്.റ്റി ഇക്കണോമിക്സ് -1, എച്ച്.എസ്.എസ്.റ്റി കെമിസ്ട്രി - 1, എച്ച്.എസ്.എസ്.റ്റി. ഇംഗ്ലീഷ് -2, എച്ച്.എസ്.എസ്.റ്റി ബോട്ടണി -7, എച്ച്.എസ്.എസ്.റ്റി ഫിസിക്സ് -4, എച്ച്.എസ്.എസ്.റ്റി. പൊളിറ്റിക്കൽ സയൻസ് - 1 എന്നീ ഒഴിവുകൾ, ചില അദ്ധ്യാപകരുടെ റീലിംഗ്വിഷ്മെന്റും, റീലീവിങ്ങും കാരണം നികത്തിയിട്ടില്ല. പ്രസ്തുത ഒഴിവുകൾ അടുത്ത ഡി.പി.സി.യിൽ ഉൾപ്പെടുത്തി നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ